# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** | **18.07. 2011-ൽ**

**നിയമസഭാ ചോദ്യം നം. T 2480** | **മറുപടിയ്ക്ക്**

**പശ്ചിമ ഘട്ട വികസന പദ്ധതി പ്രകാരം റാന്നി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമ വികസനവും ആസൂത്രണവും<br>സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി | |
| (എ) | പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം, റാന്നി നിയോജക മണ്ഡലത്തിലെ 12 പഞ്ചായത്തു കളിൽ നടപ്പാക്കിവരുന്ന മണ്ണു സംരക്ഷണ/ വാട്ടർ ഷെഡ് പദ്ധതികൾഏതൊക്കെ എന്ന്, പദ്ധതിയുടെ പേരും, പഞ്ചായത്തും സഹിതം വിശദാം ശങ്ങൾ വ്യക്തമാക്കാമോ;<br><br>(ബി) ഓരോ പദ്ധതിയും അനുവദിച്ച വർഷവും, അനുവദിച്ച തുകയും, ഇതേവരെ ചെലവാക്കിയ തുകയും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ എന്നത്തേ ക്കാണ് പൂർത്തിയാവുക ; | (എ) & (ബി) | റാന്നി നിയോജക മണ്ഡലത്തിലെ പന്ത്രണ്ട് പഞ്ചായത്തുകളായ എഴുമറ്റൂർ, കൊറ്റനാട്, കോട്ടാങ്ങൽ, അയിരൂർ, നറണാമൂഴി, റാന്നി - അങ്ങാടി, റാന്നി - പഴവങ്ങാടി, റാന്നി - പെരുനാട്, ചെറുകോൽ, റാന്നി, വടശ്ശേരിക്കര, വെച്ചൂച്ചിറ എന്നീ പഞ്ചായത്തുകളിൽ എഴുമറ്റൂർ, കൊറ്റനാട്, കോട്ടാങ്ങൽ, അയിരൂർ എന്നീ നാലു പഞ്ചായത്തുകൾ ഒഴികെ ബാക്കി എട്ട് പഞ്ചായത്തുകളും പശ്ചിമഘട്ട പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നു. ഇവയിൽ എറ്റിച്ചുവട് നീർത്തട പദ്ധതി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. ബാക്കി എല്ലാ പദ്ധതികളും നിലവിൽ ഇപ്പോൾ നടന്നുവരുന്നതാണ്. 05/10/2002 - ലെ ജി.ഒ (എം.എസ്) നം. 43/2002/പ്ലാനിംഗ് ആയ മാർഗ്ഗരേഖ അനുസരിച്ച് സാധാരണഗതിയിൽ മൂന്ന് വർഷങ്ങളിലായിട്ടാണ് നീർത്തട പദ്ധതി പൂർത്തിയാക്കേണ്ടത്. പദ്ധതിയുടെ ആകെ ട്രീറ്റബിൾ ഏരിയ ഹെക്ടറിൽ കണക്കാക്കി ഹെക്ടറൊന്നിന് രൂ. 7500/- (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വീതമാണ് അനുവദിക്കുന്നത്. ഈ തുക മൂന്ന് ഗഡുക്കളായിട്ടാണ് അനുവദിക്കു ന്നത്. തുക അനുവദിക്കുന്നതിനായി ഓരോ വർഷവും ജില്ലാതല ഏകോപന സമിതിയുടെ ശുപാർശ സഹിതമുള്ള പ്രൊപ്പോസൽ അതത് ജില്ലകളിൽ നിന്നും സമർപ്പിക്കേണ്ടതാണ്. ഈ പ്രദേശങ്ങളിൽ ഇതുവരെ ഉൾപ്പെട്ട നീർത്തടങ്ങളുടെ വിശദമായ ലിസ്റ്റ് (31/03/2011) വരെയുള്ളത് അനുബന്ധ മായി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (സി) അനുവദിച്ച ഏതെങ്കിലും പദ്ധതി ഇനിയും പ്രവർത്തനം ആരംഭിക്കാനുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; ഇവയുടെ നിർമ്മാണം ആരംഭിക്കാനും, നിർമ്മാണത്തിലുള്ളവയുടെ പ്രവർത്തനം ശക്തിപ്പെടുത്താനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (സി) 2010-11 വർഷം അനുവദിച്ച നീർത്തടവികസന പദ്ധതികൾ ഇനിയും പ്രവർത്തനം ആരംഭിക്കാനുണ്ട്. 2010-11 വർഷത്തിൽ റാന്നി നിയോജ കമണ്ഡലത്തിൽ അനുവദിച്ച നീർത്തട പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹണ ഏജൻസിയെ നിശ്ചയിക്കാത്തതിനാലും ആക്ഷൻപ്ലാൻ സമർപ്പിക്കാത്തതിനാലും പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ടി പദ്ധതികൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ച് ആക്ഷൻ പ്ലാൻ സമർപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം. | നീർത്തടം | ഏരിയ (Ha) | പഞ്ചായത്ത് | നിർവഹണ ഏജൻസി | വർഷം | തുക * (WGDP) (ലക്ഷത്തിൽ) | ചെലവ് 28.02.2011 (ലക്ഷത്തിൽ) |
|---|---|---|---|---|---|---|---|
| 1. | എറ്റിച്ചുവട് | 1150 | റാന്നി-അങ്ങാടി, പഴവങ്ങാടി | റാന്നി-അങ്ങാടി | 2000-01 | 10.00 | പണി പൂർത്തീ കരിച്ചു |
| | | | | | 2001-02 | 18.50 | |
| | | | | | 2002-03 | 6.16 | |
| | | | | | 2003-04 | 10.00 | |
| | | | | | 2004-05 | 5.00 | |
| | | | | | ആകെ | **49.66** | **49.66** |
| 2. | കോലിഞ്ചി | 680 | നാറണാമൂഴി, റാന്നി-പെരിനാട് | നാറണാമൂഴി, റാന്നി-പെരിനാട് | 2000-01 | 10.00 | |
| | | | | | 2001-02 | 15.00 | |
| | | | | | 2002-03 | 7.71 | |
| | | | | | 2003-04 | 10.00 | |
| | | | | | 2004-05 | 5.00 | |
| | | | | | ആകെ | **47.71** | **44.47** |
| 3. | നരിക്കുഴി | 650 | വടശ്ശേരിക്കര | വടശ്ശേരിക്കര | 2006-07 | 15.75 | |
| | | | | | 2007-08 | 12.00 | |
| | | | | | ആകെ | **27.75** | **0** |
| 4. | കിടങ്ങാമൂഴി | 700 | വടശ്ശേരിക്കര | വടശ്ശേരിക്കര | 2006-07 | 13.65 | |
| | | | | | 2007-08 | 17.55 | |
| | | | | | ആകെ | **31.20** | **0** |
| 5. | നെല്ലിക്കമൺ | 925 | റാന്നി-അങ്ങാടി, പഴവങ്ങാടി | റാന്നി-അങ്ങാടി | 2006-07 | 21.00 | |
| | | | | | 2007-08 | 22.20 | |
| | | | | | 2009-10 | 23.93 | |
| | | | | | ആകെ | **67.13** | **7.28** |
| 6. | പ്ലാച്ചേരിത്തോട് | 305 | റാന്നി-പഴവങ്ങാടി | റാന്നി-പഴവങ്ങാടി | 2007-08 | 4.80 | |
| | | | | | 2009-10 | 10.17 | |
| | | | | | ആകെ | **14.97** | **0** |
| 7. | കുറുമ്പൻമൂഴി | 245 | വെച്ചൂച്ചിറ | സ്റ്റെഡ്, ഇടുക്കി | 2008-09 | 3.85 | |
| | | | | | 2010-11 | 5.40 | |
| | | | | | ആകെ | **9.25** | **3.00** |
| 8. | പെരുന്തേനരുവി | 750 | വെച്ചൂച്ചിറ | സ്റ്റെഡ്, ഇടുക്കി | 2008-09 | 11.81 | |
| | | | | | 2010-11 | 16.56 | |
| | | | | | ആകെ | **28.37** | **9.15** |
| 9. | ചെറുകോൽപുഴ | 520 | ചെറുകോൽ | ചെറുകോൽ | 2008-09 | 8.19 | |
| | | | | | ആകെ | **8.19** | **0** |
| 10. | മുളംകുന്നിൽപ്പടി | 502 | റാന്നി-പെരുനാട് | റാന്നി-പെരുനാട് | 2009-10 | 7.90 | |
| | | | | | 2010-11 | 16.75 | |
| | | | | | ആകെ | **24.65** | **0** |
| 11. | കലമാൻകുഴി തോട് | 385 | വെച്ചൂച്ചിറ | സൗഗന്ധിക ചാരിറ്റബിൾ സൊസൈറ്റി | 2010-11 | 6.06 | |
| | | | | | ആകെ | **6.06** | **0** |
| 12. | കൊഴിമണ്ണിൽപ്പടി | 360 | ചെറുകോൽ | ചെറുകോൽ | 2010-11 | 5.67 | |
| | | | | | ആകെ | **5.67** | **0** |
| 13. | കമ്പകത്തിൻ കടവ് | 340 | വടശ്ശേരിക്കര | വടശ്ശേരിക്കര | 2010-11 | 5.36 | |
| | | | | | ആകെ | **5.36** | **0** |
| 14. | കുന്നം തോട് | 185 | വെച്ചൂച്ചിറ | വെച്ചൂച്ചിറ | 2010-11 | 2.91 | |
| | | | | | ആകെ | **2.91** | **0** |
| 15. | മാമുക്ക് | 470 | റാന്നി-പഴവങ്ങാടി | റാന്നി-പഴവങ്ങാടി | 2010-11 | 7.40 | |
| | | | | | ആകെ | **7.40** | **0** |
| 16. | മടന്താമൂഴി | 360 | റാന്നി-പെരുനാട് | റാന്നി-പെരുനാട് | 2010-11 | 5.67 | |
| | | | | | ആകെ | **5.67** | **0** |

* *തുക പങ്കിട്ട വിഹിതം മാത്രമാണ്. ഇതിനുപുറമെ ആകെ അടങ്കലിന്റെ കുറഞ്ഞത് 10% വീതം പഞ്ചായത്ത് മാസ് സ്ഥാപനവും ഗുണഭോക്താവും മുടക്കേണ്ടതുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പൂർത്തീകരണ റിപ്പോർട്ടിനോടൊപ്പമാണ് ലഭ്യമാക്കുന്നത്.*

E:\C1\U.O.No.153-QNO.2480 LA.doc